LIBRARY ARCHIVES Kerala Legislative Assembly

V ധനകാര്യം

2003-04 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

Budget Estimates for 2003-2004

Demand Number	Name of Demand	Amount of Demands for Grants on Account voted bythe House on 18-3-2003		Amount of Demand for Grants to be submitted to the vote of the House		Total
		Revenue (Rs.)	Capital (Rs.)	Revenue (Rs.)	Capital (Rs.)	(Rs.)
(1)	(2)	(3)	(4)	(5)	(6)	(7)
VI	Land Revenue	41,02,67,000	..	82,05,34,000	..	82,05,34,000
XI	District Administration and Miscellaneous	37,63,10,000	..	75,26,21,000	..	75,26,21,000
XXI	Housing	26,42,91,000	4,19,46,000	52,85,82,000	8,38,92,000	61,24,74,000
XXVI	Relief on Account of Natural Calamities	51,89,33,000	..	1,03,78,67,000	..	1,03,78,67,000

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. പി. മോഹനൻ : സർ,

1. ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 82,05,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നേരായ മാർഗ്ഗത്തിൽ കൃഷിഭൂമി വാങ്ങിയവരും ഭൂനികുതി 4 വർഷം മുമ്പേ അടച്ചുകൊണ്ടിരിക്കുന്നവരുമായ കർഷക കുടുംബങ്ങളിൽ നിന്ന് ഇപ്പോൾ നികുതി വാങ്ങുന്നില്ലായെന്ന് പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

2. ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 82,05,34,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊന്നും വിലയ്ക്കെടുത്ത ഭൂമിയുടെ വില സംബന്ധിച്ച് വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പ്ആക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly